**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2832** **13-02-2024 - ൽ മറുപടിയ്ക്ക്**

**മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിലെ കോഴ്സുകൾ പുനരാരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ചവറ നിയോജക മണ്ഡലത്തിലെ നീണ്ടകരയിൽ സ്ഥിതിചെയ്യുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുണ്ടായിരുന്ന കോഴ്സുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (എ) | നീണ്ടകര കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ ഐ വി റൂൾ 2022 പ്രകാരമുള്ള കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഹാർബർ ക്രാഫ്റ്റ് റൂൾ പ്രകാരമുള്ള രണ്ട് ദിവസത്തെ ബോട്ട് ക്രൂ ട്രെയിനിംഗ് കോഴ്സുകൾ ഉടൻ ആരംഭിക്കുന്നതാണ്. ഭൗതിക സൗകര്യങ്ങൾ കൂട്ടുന്നത് അനുസരിച്ചും ഇൻലാൻഡ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭ്യമാകുന്ന മുറക്കും ഇൻലാൻഡ് വെസ്സൽ ആക്ട് പ്രകാരമുള്ള കൂടുതൽ കോഴ്സുകൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ മറ്റ് മാരിടൈം യൂണിവേഴ്സിറ്റികളുമായി കൈകോർത്ത് കൂടുതൽ മാരിടൈം കോഴ്സുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ